**മാതൃകാ ചോദ്യപേപ്പർ**

**പാർട്ട് II മലയാളം**

**ഹയർസെക്കണ്ടറി രണ്ടാം വർഷം**

**പൊതു നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിനും ഉത്തരം എഴുതുന്നത് ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുക.
- ചോദ്യങ്ങൾക്കൊപ്പമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കി ഉത്തരങ്ങൾ എഴുതുക.

**I.1മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക.**

**സ്കോർ 2 വീതം.**

1)"മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ

സാരജ്ഞനല്ലൊട്ടുമോർത്തോളം ധാ ത്രീശ!ഭവാൻ".
ഈ വരികളിൽ ധാത്രീശൻ എന്ന് വിളിക്കുന്നത് ആരെയാണ്?
*നളൻ
*ദുഷ്ഷന്തൻ
*വിശ്വാമിത്രൻ
*കണ്വൻ

2) ദിവാകരന്റെ മരണം ധ്വനിപ്പിക്കുന്ന സൂചനകൾ കണ്ടെത്തി എഴുതുക.

* ദിവാകരൻ നന്നേ തളർന്ന് അവശനായി.
* രാവും പകലും അടക്കാത്ത കടകൾ
* കുട്ടികളുടെ ആവശ്യപ്രകാരം ദിവാകരനെ കടലാസിൽ പൊതിഞ്ഞു നൽകി.
*അസംഖ്യം ചിത്രങ്ങൾക്ക് മുന്നിൽ ദിവാകരൻ പകച്ചുനിന്നു.

3)കാക്കാരിശ്ശി നാടകത്തിന്റെ പ്രത്യേകതകൾ ഏവ?

- ക്ലാസിക് കലാപാരമ്പര്യത്തിന്റെ ചുവടുകൾ സ്വീകരിക്കുന്നു
- വാമൊഴി പാരമ്പര്യം സ്വീകരിക്കുന്നു.
- അനുഷ്ഠാനകലാരൂപം
- ആക്ഷേപഹാസ്യം

4)കത്ത് പാട്ട് വിഭാഗത്തിൽ വരുന്ന രണ്ട് മാപ്പിളപ്പാട്ട് കൃതികൾ എഴുതുക.

- മുഹിയുദ്ദീൻ
- മാലമറിയക്കുട്ടിയുടെ
- കത്ത്ദുബായ് കത്തുപാട്ട്
- വെള്ളപ്പൊക്ക മാല

5)'ഗൗളിജന്മം'കഥ ഉയർത്തുന്ന സാമൂഹിക വിമർശനങ്ങൾ എന്തെല്ലാം?

- ആശുപത്രികളുടെ കച്ചവടവൽക്കരണം
- അന്ധവിശ്വാസം
- പരിസ്ഥിതിക പ്രശ്നങ്ങൾ
- പ്രവാസജീവിതം

6) എസ് കെ പൊറ്റക്കാടിന്റെ യാത്രാവിവരണത്തിന്റെ സവിശേഷതകൾ എടുത്തെഴുതുക.

- സമകാലിക സംഭവങ്ങളുടെ നേർക്കാഴ്ചകൾ.
- ജീവിതരീതികളുടെ താരതമ്യം
- ചരിത്ര സംഭവങ്ങൾക്ക് പ്രാധാന്യം.
- ഒരു തീർത്ഥാടകന്റെ കണ്ണിലൂടെ നോക്കിക്കാണുന്നു.

**II. 7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം**

7) പുരുഷരത്നം, ധീമാൻ, ഖലനല്ല എന്നിങ്ങനെ നളനെ വിശേഷിപ്പിക്കുന്നതിലൂടെ കേശിനി ദമയന്തിയോട് സൂചിപ്പിക്കുന്നത് എന്ത്?

8 ) ' പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കുട്ടികൾക്ക് കാഴ്ചയിൽ നിന്നും വിഭിന്നമായി മാഡ്രിഡ് നഗരം അനുഭവപ്പെടുന്നതിന് രണ്ട് കാരണങ്ങൾ എഴുതുക.

9) പ്രതീതിയാഥാർത്ഥ്യത്തെക്കുറിച്ചുള്ള രണ്ട് സൂചനകൾ നൽകുക

10)വാംഗഡെയുടെ ഹൃദയത്തുടിപ്പുകൾ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി ഫീച്ചറിന്റെ രണ്ടു സവിശേഷതകൾ എഴുതുക

**III. 11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**സ്കോർ 4 വീതം**

11) "ഉപയോഗിച്ചു പഴകിയ ചെമ്പു കലം പോലെ തന്റെ തലച്ചോറിന് തേയ്മാനം വന്നതാകാം" ശരീരത്തെ മുൻനിർത്തിയുള്ള ഈ ആലോചനയിലേക്ക് ടിപി ശ്രീധരനെ നയിച്ച സാഹചര്യം എന്താണ്?

12) ‘അഗ്നിവർണ്ണന്റെ കാലുകൾ’ എന്ന നാടകത്തിലെ വിദൂഷകൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണക്കുറിപ്പ് തയ്യാറാക്കുക

13) “സ്ത്രീജീവിതത്തിന്റെ സമസ്ത വശങ്ങൾ ആവിഷ്കരിക്കുന്നതിൽ പുലിക്കോട്ടിൽ ഹൈദർ സവിശേഷ ശ്രദ്ധ പുലർത്തിയിരുന്നു”- ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

14) “രണ്ടുമൂന്നു കടകൾ പിന്നിട്ട് കഴിഞ്ഞപ്പോഴാണ് ആ വെളിച്ചത്തിന് പിന്നിൽ ഒരു ചതിവുണ്ടെന്ന് ദിവാകരന് മനസ്സിലായത്”- ആധുനിക വിപണി മനുഷ്യനെ ഏതെല്ലാം വിധത്തിൽ കബളിപ്പിക്കുന്നു? കഥയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

15) “ഈറ്റപ്പുലി മുരളും കണ്ണിൽ ഊറിയടർന്നൊരു തീത്തുള്ളി”- കാവ്യബിംബം പ്രദാനം ചെയ്യുന്ന അർത്ഥതലമെന്ത്?

16) അയുക്തി ഹാസ്യത്തിന് കാരണമാകാറുണ്ട്.‘തേങ്ങ’ എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

17) “ അതിശയോക്തിയുടെ ഹസ്താവലംബം കൂടാതെ പരസ്യവും പ്രചാരണവും വളരെ വിരളമാണ്”- ഈ പ്രസ്താവനയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എഴുതുക.

**IV. 18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 6 വീതം**

18) ദൃശ്യബിംബങ്ങളുടെ സമൃദ്ധി കടമ്മനിട്ട കവിതയെ സുന്ദരമാക്കുന്നു.‘കിരാതവൃത്തം’ എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

19)ഭാവനാശേഷികൊണ്ട് ചുറ്റുപാടുകളെ മാറ്റിത്തീർക്കാനുള്ള കുട്ടികളുടെ വൈഭവമാണ് ‘പ്രകാശം ജലം പോലെയാണ്’എന്ന കഥയെ വ്യത്യസ്തമാക്കുന്നത്. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

20) ‘ഇന്ന് കേരളത്തിലെ എല്ലാ കലകളും എല്ലാവരുടേതുമാണ്’. കലാമണ്ഡലം ഹൈദരലിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിക്കുക.

21) കാക്കാരിശ്ശി നാടകത്തിന് വേണ്ടി ഒരു ആമുഖഭാഷണം തയ്യാറാക്കുക

**V താഴെക്കൊടുത്തിരിക്കുന്ന കവിത ഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക സ്കോർ രണ്ട് വീതം**

അംഗസൗഭകം കണികാണുവാനില്ലാത്തോരു ഭൃംഗമാണെന്നാലെന്താപ്പൂവിന്നു ഞാനേ ജീവൻ

പ്രേമത്തിൻ ചില്ലിൽ കൂടി നോക്കുമ്പോളേതും തോന്നും കാമനീയകത്തിന്റെ കളിവീടായി തന്നെ.

നെടുവീർപ്പിനാൽ ചുറ്റും നേർത്ത സൗരഭം വീശി-

ച്ചുടുമുച്ചവെയ് ലത്തും ചൂടറിഞ്ഞീടാതോമൽ

ചെവിയോർത്ത് നിന്നിടും മൽസമാഗമം മുൻപി-

ട്ടവിടെഗ്രഹിപ്പിക്കുമെൻ മൂളിപ്പാട്ടിന്നായി,

അരികെച്ചരിക്കുമ്പോളെന്റെ കാറ്റേറ്റാൽത്തന്നെ വിരിയും മുഖം: വേഗമംഗകം വേപംകോലും.

ഞാനടുത്താണഞ്ഞാകിൽ മിണ്ടുകില്ലടക്കിക്കൊ-

ണ്ടാ നറുംസ്മിതം നിൽക്കും കണ്ട ഭാവവുമെന്യേ.

അംഗസൗഭകം-ദേഹസൗന്ദര്യം, ഭൃംഗം- വണ്ട്, കാമനീയകം-സൗന്ദര്യം, വേപം-വിറയൽ.

25) വണ്ട് സൗന്ദര്യം ഇല്ലാത്തവനാണെങ്കിലും പൂവ് പ്രണയിക്കുന്നത് എന്തുകൊണ്ട്?

26) ഉച്ചവെയിലത്തും പൂവ് ചെവിയോർത്തുനിൽക്കാറുള്ളത് എന്തിനുവേണ്ടിയാണ്?

27) പൂവിന്റെ പ്രണയചേഷ്ടകൾ സൂചനകളായി എഴുതുക.(രണ്ടെണ്ണം)

**VI.25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം.**

25) ദൃശ്യഭാഷ പത്മരാജൻ കഥകളിൽ കഥപറച്ചിലിനുള്ള ഉപാധിയായി മാറാറുണ്ട്. അവകാശങ്ങളുടെ പ്രശ്നം എന്ന കഥയെ മുൻനിർത്തി നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക.

26) “പ്രതിസന്ധികളെ അതിജീവിക്കാൻ ഇച്ഛാശക്തി വ്യക്തിക്ക് കരുത്ത് നൽകുന്നു”. ഈ പ്രസ്താവന കലാമണ്ഡലം ഹൈദരലിയുടെ പദത്തിന്റെ പഥത്തിൽ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

27) കൊള്ളിവാക്കല്ലാതൊന്നും,ഗൗളി ജന്മം ഈ പാഠഭാഗങ്ങളിലെ സ്ത്രീകഥാപാത്രങ്ങൾ വിരുദ്ധ സ്വഭാവം പുലർത്തുന്നവരാണോ? അഭിപ്രായം വിലയിരുത്തുക.

പങ്കെടുത്തവർ :

1. AMBILI.K, KKMHSS CHEEKKODE, PEN:838882

2. M. G. AMBIKA, GGHSS MANJERI, PEN:447857
3. GIRIJA. P, GHSS KUZHIMANNA, PEN:285521
4. SHEEJA. K, GHSS POOKKOTOOR, PEN:448670
5. SHAHEENA. PT, GVHSS ARIMBRA, PEN:712333
6. LUCYKKUTTY SEBASTIAN, ST. JEMMA'S GHSS, PEN:330667
7. NISHANA. KK, CHSS OZHUKUR, PEN:839910